## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3226

20.06.2014-ലെ മറുപടിക്ക്

# കാവന്നൂർ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) ഏറനാട് മണ്ഡലത്തിലെ കാവന്നൂർ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേക്കായി തനത് ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ ലഭിച്ചിരുന്നോ ; | എ) | ലഭിച്ചിരുന്നു. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന് എന്താണ് കാരണമെന്നും അടിയന്തരമായി അനുമതി നൽകുമോ എന്നും വ്യക്തമാക്കുമോ ? | ബി) | കാവന്നൂർ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പാക്കാനുദ്ദേശിക്കുന്ന ജലവിതരണ പദ്ധതിക്കുള്ള സർവ്വേ നടപടികൾക്കായി 2 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി വാങ്ങിയെന്നും ബാക്കി നിൽക്കുന്ന 80,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ അടക്കുന്നതിന് അനുവാദം നൽകണമെന്നുമുള്ള കാവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ആവിശ്യത്തിന്മേൽ, ഇക്കാര്യത്തിനായി കാവന്നൂർ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ ആവിശ്യമായ ഭേദഗതി വരുത്തണമെങ്കിൽ ആയത് വരുത്തി പ്രസ്തുത ആവിശ്യം നിറവേറ്റാൻ കാവന്നൂർ ഗ്രാമ പഞ്ചായത്ത് അധികൃതർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ